# കേരളാ സ്റ്റേറ്റ്
# എക്സൈസ് സ്റ്റാഫ് അസോസിയേഷൻ
**ജില്ലാകമ്മറ്റി, മലപ്പുറം, രജിസ്റ്റർ നമ്പർ 263/88**

**സർക്കുലർ നമ്പർ 7/2016-17**

സുഹൃത്തെ,

അസോസിയേഷന്റെ ജില്ലാകമ്മറ്റി യോഗം 10.02.2017 ന് രാവിലെ 10 മണിക്ക് ജില്ലാ പ്രസിഡന്റ് കെ. പ്രദീപ്കുമാറിന്റെ അധ്യക്ഷതയിൽ മലപ്പുറം എക്സൈസ് ഭവനിൽ വെച്ച് ചേർന്നു. മുൻ കേന്ദ്ര സഹമന്ത്രിയും മലപ്പുറം പാർലിമെന്റ് മണ്ഡലം എം.പി.യുമായ ഇ. അഹമ്മദ് അവർകളുടെ വേർപാടിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

കഴിഞ്ഞ ജില്ലാ കമ്മറ്റി കാലയളവിന് ശേഷം നടത്തിയ പ്രവർത്തനങ്ങളെ കുറിച്ച് സെക്രട്ടറി ശ്രീ. വി.കെ. സുരജ് റിപ്പോർട്ട് അവതരിപ്പിച്ചു. വിമുക്തി പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം പൊതുജന പങ്കാളിത്തം കൊണ്ടും വൈവിധ്യമാർന്ന പരിപാടികൾ കൊണ്ടും സമ്പന്നമായിരുന്നെന്നും തദവസരത്തിൽ സംഘടന പുറത്തിറക്കിയ ലഹരി വിരുദ്ധ പ്രചരണ സി.ഡി. മന്ത്രി കെ.ടി. ജലീൽ പ്രകാശനം ചെയ്തുവെന്നും റിപ്പോർട്ട് ചെയ്തു. എൻ.പി. ജയപ്രകാശ് സഹായ നിധിയായി സ്വരൂപിച്ച 3,06,000/-രൂപ (സംസ്ഥാന കമ്മിറ്റി വിഹിതമടക്കം) അദ്ദേഹത്തിന് നൽകിയതും സംസ്ഥാനതല കലാകായികമേളയിലെ വിജയികൾക്കായി ആലുവയിൽ നടന്ന അനുമോദന ചടങ്ങിൽ 22 പേർ പങ്കെടുത്തതും റിപ്പോർട്ട് ചെയ്തു. വഴിക്കടവ് എക്സൈസ് ചെക്ക്പോസ്റ്റിലെ ജീവനക്കാർക്ക് പരിശോധന ജോലികൾ സുഗമമാക്കുന്നതിന് താല്കാലിക ഷെഡും കുടകളും നിർമ്മിച്ചതായി റിപ്പോർട്ട് ചെയ്തു. ജനുവരി 26 റിപ്പബ്ലിക്ക് പരേഡിൽ മികച്ച പ്രകടനം പുറത്തെടുത്ത മുഴുവൻ ജീവനക്കാരെയും പ്രസിഡന്റ് കെ. പ്രദീപ്കുമാർ അഭിനന്ദിച്ചു.

വകുപ്പിലെ ജീവനക്കാരുടെ ആവശ്യങ്ങൾ അവതരിപ്പിക്കുന്നതിനായി സംസ്ഥാന നേതൃത്വം മന്ത്രിയുമായി നടത്തി ചർച്ച വിജയമായിരുന്നുവെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. കെ. രാമകൃഷ്ണൻ വിശദീകരിച്ചു. തുടർന്ന് വെൽഫയർ ഫണ്ട് സ്വരൂപിക്കുന്നതിനെകുറിച്ചും കെട്ടിട/ സ്ഥലം ലഭ്യമാക്കുന്നതിനും രൂപീകരിച്ച സബ് കമ്മറ്റികളുടെ പ്രവർത്തനങ്ങൾ ശ്രീ. പ്രജോഷ്കുമാറും ശ്രീ. എ.പി. ദിപീഷും വിശദീകരിച്ചു. തുടർന്ന് മേൽ റിപ്പോർട്ടുകളിലും ഭാവി പരിപാടികളെ കുറിച്ചും നടത്തിയ വിശമായ ചർച്ചക്കൊടുവിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

**തീരുമാനങ്ങൾ**

1) ഈ ഫെബ്രുവരി 28-ന് സർവ്വീസിൽ നിന്നും വിരമിക്കുന്ന കാളികാവ് റെയ്ഞ്ചിലെ അസി. എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ. ടി.വി. മധുസൂദനന് ഫെബ്രുവരി അവസാന വാരത്തിൽ സമുചിതമായ യാത്രയയപ്പ് നൽകാൻ തീരുമാനിച്ചു.

2) പ്രസ്തുത ചടങ്ങിൽ ഈ വർഷത്തെ മുഖ്യമന്ത്രിയുടെ എക്സൈസ് മെഡൽ നേടിയ മലപ്പുറം ഡിവിഷനിലെ സർവ്വശ്രീ. കെ.ടി. ഷിജുമോൻ (പ്രിവന്റീവ് ഓഫീസർ), കെ. ഗണേശൻ (ഡ്രൈവർ), കെ.ടി. സജിമോൻ (എക്സൈസ് ഇൻസ്പെക്ടർ) എന്നിവരെ അനുമോദിക്കാനും തീരുമാനിച്ചു.

3) വിമുക്തി പരിപാടി വൻവിജയമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ സജീവമായ പങ്കാളിത്തം ഉറപ്പുവരുത്താൻ തീരുമാനിച്ചു.

4) ജില്ലാതലത്തിൽ വെൽഫയർ ഫണ്ട് സ്വരൂപികരിക്കുന്നതിന് സംസ്ഥാന കമ്മറ്റിയുടെ അനുമതി തേടാൻ തീരുമാനിച്ചു.

യോഗം ഉച്ചക്ക് 2.00 മണിക്ക് അവസാനിച്ചു.

മലപ്പുറം
10.02.2017

അഭിവാദനത്തോടെ,

വി.കെ. സുരജ്
ജില്ലാ സെക്രട്ടറി